(ബി) ഗ്യാരന്റി കമ്മീഷൻ നടത്തുന്നതിന് സാവകാശം ആവശ്യപ്പെട്ടുകൊണ്ട് മിൽ ഭരണസമിതി നൽകിയ നിവേദനത്തിനുമേൽ അനുകൂല തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഗ്യാരണ്ടി കമ്മീഷൻതുക ഉടൻ അടയ്ക്കണമെന്നും സമയം നീട്ടി നൽകാൻ പറ്റില്ലെന്നും കാണിച്ച് മിൽ ഭരണസമിതി ഏപ്രിൽ ആദ്യവാരം നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ മറുപടി നൽകുമോ ;

(ഡി) സർക്കാർ അയച്ച കംഫർട്ട് ലറ്റർ സംബന്ധിച്ച് ജില്ലാ സഹകരണ ബാങ്ക് സർക്കാരിനോട് തേടിയ വിശദീകരണത്തിനുമേൽ സർക്കാർ നൽകിയ വിശദീകരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ ഉടനെ വിശദീകരണം നൽകുമോ ;

(എഫ്) മില്ലിന്റെ വർക്കിംഗ് ക്യാപ്പിറ്റൽ മൂന്നു മാസമായി ലഭിക്കാതെയാണ് മില്ല് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് ഒഴിവാക്കാൻ ഗ്യാരണ്ടി നൽകി സഹായിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി-എഫ്) ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽ നിന്നും മില്ലിന് അനുവദിച്ചിട്ടുള്ള അഞ്ചു കോടി രൂപയ്ക്കുള്ള സർക്കാർ ഗ്യാരണ്ടി ദീർഘിപ്പിച്ചു നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരഗണനയിലാണ്. തീരുമാനം ഉടനെ തന്നെ ഉണ്ടാകുന്നതാണ്.

കോട്ടയം ഇന്റഗ്രേറ്റഡ് പൗവ്വർലും കോ-ഓപ്പറേറ്റീവ് സൊസൈറ്റി

41 (2038) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ അയർകുന്നത്തുള്ള കോട്ടയം ഇന്റഗ്രേറ്റഡ് പൗവ്വർലും കോ-ഓപ്പറേറ്റീവ് സൊസൈറ്റി 51 എൽ.ഡി. (കെ) 243-ന്റെ റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ട് വ്യവസായ വകുപ്പിൽ നിന്നും എൻ.സി.ഡി.സി. യുടെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് എൻ.സി.ഡി.സി. യ്ക്ക് അയയ്ക്കുവാനും 2000 ഡിസംബർ 31ന് ഫണ്ട് ലാപ്സാകുന്നതിന് മുൻപ് എൻ.സി.ഡി.സി. യുടെ അംഗീകാരം വാങ്ങി ഫിനാൻസ് വകുപ്പിൽനിന്നും ഫണ്ട് അനുവദിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കോട്ടയം ഇന്റർഗ്രേറ്റഡ് പവ്വർലും കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ട് അപ്രൈസലിനായി റിയാബിന്

LIBRARY ARCHIVES Kerala Legislative Assembly

അയച്ചിരിക്കുകയാണ്. ആയത് മടക്കിക്കിട്ടിയാലുടൻ എൻ.സി.ഡി.സി.യുടെ അംഗീകാരത്തിനായി അയക്കുന്നതാണ്. എൻ.സി.ഡി.സി. യുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞാലുടൻ ഫണ്ട് റിലീസ് സംബന്ധിച്ചുള്ള അനന്തര നടപടികളും സ്വീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരം സ്പിന്നിങ്ങ് മിൽ

42 (2039) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലരാമപുരത്തെ തിരുവനന്തപുരം സ്പിന്നിംഗ്മിൽ പൂട്ടിയിട്ട് എത്ര കാലമായി ;

(ബി) ഈ മിൽ പൂട്ടിയതിന് കാരണമെന്താണ് ;

(സി) ഇത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു ;

(ഡി) ഇവിടെ എത്ര തൊഴിലാളികളുണ്ട് ;

(ഇ) ഇവിടെനിന്നും പെൻഷൻപറ്റിയ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി തുകയോ മറ്റ് ആനുകൂല്യങ്ങളോ നൽകിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(എഫ്) കമ്പനി ലേ- ഓഫ് ചെയ്തശേഷം തൊഴിലാളികൾക്ക് നൽകിവരാറുള്ള ലേ-ഓഫ് വേതനം ഇവിടത്തെ തൊഴിലാളികൾക്ക് നൽകിയിട്ട് എത്ര കാലമായി ;

(ജി) പ്രസ്തുത മിൽ തുറന്നു പ്രവർത്തിപ്പിക്കുവാനും തൊഴിലാളികൾക്ക് ദുരിതാശ്വാസം നൽകുവാനും നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) 22-9-1998-മുതൽ പ്രവർത്തനം പൂർണ്ണമായി നിറുത്തിവച്ചിരിക്കുകയാണ്.

(ബി) കാലപ്പഴക്കംകൊണ്ടു യന്ത്രങ്ങൾ അറ്റകുറ്റപ്പണി ചെയ്തു ഉപയോഗിക്കാൻ കഴിയാത്തവിധത്തിലായതാണ് പ്രധാന കാരണം. കൂടാതെ തുർച്ചയായ നഷ്ടംമൂലം പ്രവർത്തനമൂലധനം തീരെ ഇല്ലാതായതിനാൽ പഞ്ഞി സപ്ലൈചെയ്യുന്ന ഏജൻസികളുടെ കടത്തെ (സപ്ലൈയേഴ്സ് ക്രെഡിറ്റ്) മാത്രം ആശ്രയിച്ചാണ് കഴിഞ്ഞ കുറെക്കാലം മിൽ പ്രവർത്തനം നടത്തിവന്നത്. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം പഞ്ഞി സപ്ലൈചെയ്യുന്ന ഏജൻസികൾക്ക് ഭാഗികമായിപോലും പണം നൽകാൻ കഴിയാതെ വന്നതിനാൽ മിൽപ്രവർത്തനത്തിന് ആവശ്യമായ അസംസ്കൃതവസ്തു ലഭിക്കാത്തതിനാൽ 22-9-1998 മുതൽ മിൽപ്രവർത്തനം നിറുത്തിവെച്ചു.

(സി) മില്ലിന്റെ തുടർന്നുള്ള നടത്തിപ്പിനെ ഉദ്ദേശിച്ചുകൊണ്ട് 13.27 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പുനരുജ്ജീവന പദ്ധതി നടപ്പാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly